# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2025 ജനുവരി 20** **website: www.uoc.ac.in**
==================================================================

**ദ്രോണാചാര്യ എസ്. മുരളീധരന്**
**കാലിക്കറ്റ് സർവകലാശാലയുടെ അനുമോദനം**

ദ്രോണാചാര്യ അവാർഡ് ജേതാവായ കാലിക്കറ്റ് സർവകലാശാലാ മുൻ ബാഡ്മിന്റൺ കോച്ച് എസ്. മുരളീധരന് കാലിക്കറ്റ് സർവകലാശാലയുടെ ആദരം. ദ്രോണാചാര്യ അവാർഡ് സ്വീകരണത്തിന് ശേഷമുള്ള ആദ്യ അനുമോദനച്ചടങ്ങ് അദ്ദേഹത്തിന്റെ സ്വന്തം തട്ടകമായ സർവകലാശാലയിൽ നടന്നത്. ഭരണകാര്യാലയത്തിന് മുന്നിൽ നിന്നു തുറന്നു വാഹനത്തിൽ ചെണ്ടമേളത്തിന്റെ അകമ്പടിയോടെയാണ് മുരളീധരനെ ഇ.എം.എസ്. സെമിനാർ കോംപ്ലക്സിലേക്ക് ആനയിച്ചത്. യോഗം വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രന്റെ ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. എൽ.ജി. ലിജീഷ്, ടി.ജെ. മാർട്ടിൻ, ഡോ. ടി. വസുമതി, ഡോ. കെ. മുഹമ്മദ് ഹനീഫ, മധു രാമാനാട്ടുകര, കായിക പഠനവകുപ്പ് മേധാവി ഡോ. വി.പി. സക്കീർ ഹുസൈൻ, ഡയറക്ടർ ഡോ. കെ.പി. മനോജ് എന്നിവർ സംസാരിച്ചു.

***ഫോട്ടോ :***

1. ദ്രോണാചാര്യ അവാർഡ് ജേതാവ്  എസ്. മുരളീധരനെ അനുമോദിക്കുന്നു ചടങ്ങ് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു
2. ദ്രോണാചാര്യ അവാർഡ് ജേതാവായ കാലിക്കറ്റ് സർവകലാശാലാ മുൻ ബാഡ്മിന്റൺ കോച്ച് എസ്. മുരളീധരനെ അനുമോദനച്ചടങ്ങിലേക്ക് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ, രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ്, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ സ്വീകരിക്കുന്നു.
3. ദ്രോണാചാര്യ അവാർഡ് ജേതാവായ കാലിക്കറ്റ് സർവകലാശാലാ മുൻ ബാഡ്മിന്റൺ കോച്ച് എസ്. മുരളീധരനെ തുറന്ന വാഹനത്തിൽ ആനയിക്കുന്നു.
4. ദ്രോണാചാര്യ അവാർഡ് ജേതാവായ കാലിക്കറ്റ് സർവകലാശാലാ മുൻ ബാഡ്മിന്റൺ കോച്ച് എസ്. മുരളീധരന് സർവകലാശാലയുടെ ഉപഹാരം വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ സമ്മാനിക്കുന്നു

***പി.ആർ. 86/2025***

**അന്താരാഷ്ട്ര അറബിക് സെമിനാർ**

കാലിക്കറ്റ് സർവകലാശാലാ അറബിക് പഠനവകുപ്പും ഫാറൂഖ് കോളേജിലെ അറബിക് വകുപ്പും യു.എ.ഇ.യിലെ ദാറുൽ യാസ്മീൻ പബ്ലിഷിങ് ആന്റ് ഡിസ്ട്രിബ്യൂഷൻ കമ്പനിയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അറബിക് സെമിനാർ 21-ന് തുട

ങ്ങും. 'ആധുനിക ഭാഷാ സാഹിത്യ സിദ്ധാന്തങ്ങളും ഗൾഫ് സാഹിത്യത്തിൽ അവയുടെ പ്രയോഗവും' എന്ന തലക്കെട്ടിൽ ഇതാദ്യമായാണ് ഇന്ത്യയിൽ ഒരു അന്താരാഷ്ട്ര സെമിനാർ നടക്കുന്നതെന്ന് സർവകലാശാലാ അറബി പഠനവകുപ്പ് മേധാവി ഡോ. ടി.എ. അബ്ദുൽ മജീദ് പറഞ്ഞു. ഭാഷാ ശാസ്ത്രവുമായി ബന്ധപ്പെട്ട സെമിനാറിന്റെ വിവിധ സെഷനുകളിലായി യു.എ.ഇ., ഒമാൻ, ഈജിപ്ത് എന്നിവിടങ്ങളിൽ നിന്നുള്ള ഭാഷാ വിദഗ്ധരും സാഹിത്യകാരന്മാരും പങ്കെടുക്കും. കേരളത്തിലെ കോളേജധ്യാപകർ, ഗവേഷക വിദ്യാർഥികൾ എന്നിവരും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങളവതരിപ്പിക്കും. 21-ന് രാവിലെ 10 മണിക്ക് ഇ.എം.എസ്. സെമിനാർ കോംപ്ളക്സിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യാതിഥിയാകും. മുൻ വൈസ് ചാൻസിലർ ഡോ. കെ.കെ. എൻ. കുറുപ്പ്, കാലടി സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ ഡോ. ഗീതാകുമാരി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഖലീമുദ്ധീൻ, ടി.ജെ. മാർട്ടിൻ, സി.പി. ഹംസ തുടങ്ങിയവർ പങ്കെടുക്കും. യു.എ.ഇ.യിലെ ദാറുൽ യാസ്മീൻ പബ്ലിഷിങ് ആന്റ് ഡിസ്ട്രിബ്യൂഷൻ കമ്പനി സി.ഇ.ഒ. ഡോ. മറിയം അൽ ശനാസി, ഒമാനിലെ സുൽത്താൻ ഖാബൂസ് യൂണിവേഴ്സിറ്റി അറബിക് വിഭാഗം പ്രൊഫസർമാരായ ഡോ. ഖാലിദ് അൽ കിൻദി, ഡോ. അബ്ദുറഹി മാൻ തുഅ്മ, ഡോ. മുഹമ്മദ് മുസ്തഫ, ടെക്നോളജി ആന്റ് ആപ്ളിക്കേഷൻ സയൻസ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സഊദ് അൽ സൽത്തി തുടങ്ങിയ വിദഗ്ധർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും. 23-ന് നടക്കുന്ന ശില്പശാലയിൽ വിദ്യാർഥികൾക്ക് ഗൾഫ് സാഹിത്യത്തിൽ പ്രായോഗിക പരിജ്ഞാനവും പരിശീലനവും നൽകും. പത്രസമ്മേളനത്തിൽ ഫാറൂഖ് കോളേജ് അറബി വകുപ്പ് മേധാവി ഡോ. യൂനുസ് സലീം, സെമിനാർ ചീഫ് കോർഡിനേറ്റർ ഡോ. അലി നൗഫൽ, പഠനവകുപ്പ് അധ്യാപകരായ ഡോ. ഇ അബ്ദുൽ മജീദ്, ഡോ. ജി.പി. മുനീർ, വി. നാഷിദ്, പി.ആർ.ഒ സി.കെ. ഷിജിത്ത് എന്നിവരും പങ്കെടുത്തു.

***പി.ആർ. 87/2025***

**റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

കാലിക്കറ്റ് സർവകലാശാലാ ഫോറൻസിക് സയൻസ് പഠനവകുപ്പിലെ (പോലീസ് അക്കാദമി, തൃശ്ശൂർ) മണിക്കൂർ വേതനാടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

***പി.ആർ. 88/2025***

**പ്രാക്ടിക്കൽ പരീക്ഷ**

അഞ്ചാം സെമസ്റ്റർ ( 2022 പ്രവേശനം ) ബി.വോക്. ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് നവംബർ 2024 പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 29-ന് തുടങ്ങും. കേന്ദ്രം : എം.ഇ.എസ്. പൊന്നാനി കോളേജ്, എം.ഇ.എസ്. കല്ലടി കോളജി മണ്ണാർക്കാട്. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 89/2025***

**പരീക്ഷാ അപേക്ഷ**

സർവകലാശാലാ എഞ്ചിനീയറിങ് കോളേജിലെ ( CUIET ) ഒന്നാം സെമസ്റ്റർ (2019 മുതൽ 2023 വരെ പ്രവേശനം) നവംബർ 2024 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ ഫെബ്രുവരി മൂന്ന് വരെയും 190/- രൂപ പിഴയോടെ ആറു വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 21 മുതൽ ലഭ്യമാകും.

***പി.ആർ. 90/2025***